ഇപ്പോഴത്തെ ടെസ്റ്റുകൾക്കൊപ്പം പ്രധാന ഡാമിൽ ടെസ്റ്റുകൾ നടത്താനാകില്ലെന്ന് ടിം അറിയിക്കുകയാണുണ്ടായത്.

(ജെ) മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കവും ശക്തിപ്പെടുത്തൽ ജോലികൾ ചെയ്തശേഷമുള്ള ഡാമിന്റെ ബലം തിട്ടപ്പെടുത്താൻ ഡാമിൽ സ്ഥാപിച്ച ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതും ബലപ്പെടുത്തൽ ജോലികളുടെ വിശ്വാസ്യത തിട്ടപ്പെടുത്താൻ മാർഗ്ഗമില്ലാത്തതും പരിഗണിച്ച് ജല നിരപ്പ് ഒരു കാരണവശാലും 136 അടിയിൽ നിന്ന് ഉയർത്താൻ അനുവദിക്കരുതെന്നാണ് സർക്കാരിന് ലഭിച്ച വിദഗ്ദ്ധോപദേശം.

30 (*30) സമ്പൂർണ്ണ മദ്യനിരോധനം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

ശ്രീ. പി. കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് തീരുമാനമെടുത്തു;

(സി) സംസ്ഥാനത്തെ ഏതെല്ലാം സംഘടനകളാണ് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) വ്യാജമദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസ്, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പ്രലോഭനങ്ങൾക്ക് വഴങ്ങി നിയമത്തിൽ പഴുതുകളുണ്ടാക്കാതിരിക്കാനും വേണ്ടി നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കേരള മദ്യനിരോധന സമിതി, കേരള കത്തോലിക്കാ മദ്യവിരുദ്ധ സമിതി, മദ്യവിരുദ്ധ ജനകീയ മുന്നണി, സംസ്ഥാനമദ്യനിരോധന സമിതി, കേരള ദേശീയവേദി, പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (പി. യു.സി.എൽ), സേവാദൾ (കോൺഗ്രസ് (ഐ)), ദേശീയ വിചാരണവേദി (കോൺഗ്രസ്-ഐ), കേരള കാത്തലിക് യൂത്ത് മൂവ്മെന്റ്, കേരളാ മദ്യവിരുദ്ധ സമിതി, ജമാഅത്ത് ഇസ്ലാമി, മുജാഹിദ് പ്രസ്ഥാനം, ശ്രീനാരായണസാംസ്കാരികസമിതി (കെ.കെ.രാമൻ വിഭാഗം), കെ.സി.വി.സി. മദ്യനിരോധന സമിതി, മദ്യവർജ്ജന സമിതി, ലഹരി വിരുദ്ധ സമിതി, കേരളസർവോദയസംഘം, സിമി (എസ്.ഐ.എം.ഐ) സ്റ്റുഡന്റ്സ് ഇസ്ലാമിക് ഓർഗനൈസേഷൻ, ഇസ്ലാമിക് സ്റ്റുഡന്റ്സ് മൂവ്മെന്റ്, ജമാഅത്ത്-ഇ-ഹിന്ദ് തുടങ്ങിയ സംഘടനകൾ.

(ഡി) വ്യാജമദ്യ കച്ചവടവും വ്യാജവാറ്റും തടയുന്നതിന് പോലീസ്, എക്സൈസ് റവന്യു ഉദ്യോഗസ്ഥർ ചേർന്നുള്ള ശക്തമായ റെയിഡുകൾ നടത്തിവരുന്നു. കള്ളുഷാപ്പുകളിലും വിദേശ മദ്യഷാപ്പുകളിലും റെയിഡുകൾ നടത്തി സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുന്നു. കുറ്റക്കാർക്കെതിരെ അബ്കാരി നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ജില്ലാ-ബ്ലോക്ക് തലങ്ങളിൽ ജനകീയ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തവയാക്കുകയും ശിക്ഷ കുറഞ്ഞത് ഒരു ലക്ഷം രൂപ പിഴയും 10 വർഷം തടവും ആക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ വിമാനയാത്ര

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും എത്ര പ്രാവശ്യം വിമാനയാത്ര നടത്തിയിട്ടുണ്ട്;

(ബി) മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും എവിടേക്കെല്ലാമാണ് വിമാനയാത്ര നടത്തിയത്;

(സി) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും വിമാനയാത്രയ്ക്കു വേണ്ടി എന്തു തുക ടി.എ., ഇൻസിഡന്റൽ ചാർജ്ജസ് എന്നീയിനത്തിൽ പറ്റിയിട്ടുണ്ട്?

ഉത്തരം

(എ,ബി,സി) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിമാരും നടത്തിയ വിദേശയാത്ര ഒഴികെയുള്ള വിമാനയാത്രകളുടെ എണ്ണം, സന്ദർശിച്ച സ്ഥലങ്ങൾ, യാത്രക്കൂലി, ഇൻസിഡന്റൽ ചാർജ്ജസ് എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

2 (5) മന്ത്രിമാർ ടി.എ. ഇനത്തിൽ ചെലവഴിച്ച തുക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ടി.എ. ഇനത്തിൽ എത്ര തുക ചെലവഴിച്ചു; ഓരോരുത്തരും ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും നാളിതുവരെയുള്ള ടെലിഫോൺ തുക എത്ര; ഓരോരുത്തരുടേയും കണക്ക് വ്യക്തമാക്കാമോ;

(സി) സംസ്ഥാന മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിസഭാംഗങ്ങളുടെയും വീടുകൾ മോടി പിടിപ്പിക്കുന്നതിനായി എത്ര തുക സർക്കാർ ചെലവഴിച്ചു; വകുപ്പുതിരിച്ചുള്ള കണക്കിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

---

* അനുബന്ധം VII

(2,3,4, എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly